No. 005/2020/PL Dated: 13.10.2020 Latin Archdiocese of Trivandrum, Vellayambalam

## ***മിഷൻ ഞായർ - 2020***

ദൈവത്തിനു സ്തുതി!
ദൈവജനത്തിനു സമാധാനം!

വന്ദ്യ വൈദികരേ, പ്രിയമക്കളേ,

I. ഇന്ന് ഒക്ടോബർ മാസം മൂന്നാം ഞായറാഴ്ച നാം സാർവ്വത്രികസഭയോടൊപ്പം മിഷൻ ഞായറായി ആചരിക്കുന്നു. എല്ലാവരും രക്ഷപ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. പണ്ട് പൂർവ്വപിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും അവസാനം തന്റെ പ്രിയപുത്രനായ യേശുക്രിസ്തുവിലൂടെയും ദൈവം വെളിപ്പെടുത്തിയത് എല്ലാവർക്കും രക്ഷപ്രാപിക്കാൻ സാധിക്കും എന്ന സന്തോഷ വാർത്തയാണ്. "ദൈവരാജ്യം സമീപിച്ചിരി ക്കുന്നു": ഇതാണ് ഈ സുവിശേഷത്തിന്റെ സാരാംശം. അനുതപിക്കാനും വിശ്വസിക്കാനും സന്മനസ്സുള്ള ആർക്കും ഏതുനിമിഷത്തിലും ഈ ദൈവരാജ്യത്തിന് ആവകാശികളായിത്തീരാം. ലോകമെങ്ങും ചെന്ന് ലോകാവസാനംവരെ സകലജനത കളെയും ഈ സുവിശേഷം അറിയിക്കുകയാണ്, ദൈവരാജ്യാനുഭവത്തിലേക്ക് ആനയിക്കുകയാണ്, യേശു തന്റെ ശിഷ്യന്മാരെ ഏല്പിച്ച ദൗത്യം. ജ്ഞാനസ്നാനത്തിലൂടെ യേശുവിന്റെ ശിഷ്യന്മാരായിത്തീർന്നപ്പോൾ ഞാനും നിങ്ങളും ഏറ്റെടുത്തതും ഈ ദൗത്യംതന്നെയാണ്. ഈ ദൗത്യത്തെക്കുറിച്ച് ഒന്നുകൂടി ആഴമായി ചിന്തിക്കുവാനും ദൗത്യനിർവ്വഹണത്തനായി നമ്മെത്തന്നെ പൂർണ്ണമായി സമർപ്പിക്കാനുള്ള ഒരവസരമാണ് ഓരോ മിഷൻ ഞായറും.

കൊറോണാ വൈറസ് ലോകമാസകലം വ്യാപിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഏശയ്യാ പ്രവാചകനെ അനുകരിച്ച് ഈ ദൗത്യം നിർവ്വഹിക്കുവാനാണ് ഫ്രാൻസിസ് പാപ്പാ ഇക്കൊല്ലത്തെ തന്റെ മിഷൻ ഞായർ സന്ദേശത്തിൽ നമ്മെ ആഹ്വാനം ചെയ്യുന്നത്. ഇന്നത്തേതുപോലെ എല്ലാംകൊണ്ടും കലങ്ങിമറിഞ്ഞ ഒരു കാലഘട്ടത്തിലാണ് ഏശയ്യാ പ്രവാചകൻ തന്റെ ദൗത്യം ആരംഭിക്കുന്നത്. തന്റെ പുസ്തകത്തിന്റെ ആരംഭത്തിൽ ഏശയ്യാ ഈ കാലഘട്ടത്തെ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: "തിന്മ നിറഞ്ഞ രാജ്യം, അനീതിയുടെ ഭാരം വഹിക്കുന്ന ജനം, ദുഷ്ക്കർമ്മികളുടെ സന്തതി, ദുർമാർഗ്ഗികളായ മക്കൾ! അവർ കർത്താവിനെ പരിത്യജിക്കുകയും ഇസ്രായേലിന്റെ പരിശുദ്ധനെ നിന്ദിക്കുകയും ചെയ്തു... നിങ്ങളുടെ ശിരസ്സു മുഴുവൻ വ്രണമാണ്. ഹൃദയം തളർന്നുപോയിരിക്കുന്നു. ഉള്ളങ്കാൽമുതൽ ഉച്ചിവരെ ക്ഷതമേല്ക്കാത്ത ഒരിടവും ഇല്ല. ചതവുകളും രക്തമൊലിക്കുന്ന മുറിവുകളും മാത്രം!" (ഏശയ്യാ. 1:4-6). ആദ്ധ്യാത്മികതലത്തിലും ഭൗതികതലത്തിലും ഇതുപോലെ കലങ്ങിമറിഞ്ഞ ആശങ്കാജനകമായ സാഹചര്യങ്ങളിലൂടെയല്ലേ നാം ഇന്ന് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്! മനുഷ്യജീവിത്തിന്റെ എല്ലാ മേഖലകളെയും കലക്കിമറിച്ച് കൊറോണ വൈറസ് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും ആരോഗ്യ മേഖലയിലും സാമ്പത്തിക മേഖലയിലും കാർഷിക മേഖലയിലും വ്യവസായ മേഖലകളിലുമൊക്കെ ഏല്പിച്ചുകൊണ്ടിരിക്കുന്ന ആഘാതം നാം ഇന്ന് നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ ഇത്തരം ദുരന്താനുഭവങ്ങളെ ദൈവശാപമായും ദൈവകോപമായും ദൈവശിക്ഷയായും സർവ്വനാശമായും വ്യാഖ്യാനിക്കുന്ന പലരുമുണ്ട്. ഇത് ശരിയായ വ്യാഖ്യാനമല്ല. ദൈവം സ്നേഹമാണ്. എല്ലാവരെയും സ്നേഹിക്കുന്ന ദൈവത്തിന്, ആരെയും വെറുക്കുവാനോ തള്ളിക്കളയുവാനോ സാധിക്കുകയില്ല. ദുരന്താനുഭവങ്ങളിലൂടെ

കടന്നുപോകുവാൻ ദൈവം നമ്മെ അനുവദിക്കുന്നുണ്ടെങ്കിൽ അത് നമ്മുടെ കണ്ണ് തുറപ്പിക്കുവാനും ദൈവസ്നേഹത്തിലേക്ക് നമ്മെ തിരികെകൊണ്ടുവരുവാനുമാണ്. "നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ. നിങ്ങളുടെ ദുഷ്ക്കർമ്മങ്ങൾ എന്നിൽനിന്നും നീക്കിക്കളയുവിൻ. നിങ്ങളുടെ അകൃത്യങ്ങൾ അവസാനിപ്പിക്കുവിൻ. നീതി അന്വേഷിക്കുവിൻ.... വരുവിൻ നമുക്ക് രമ്യതപ്പെടാം" (ഏശ. 1:16-18). ഇപ്രകാരമുള്ള ദൈവികസന്ദേശങ്ങൾ എപ്പോഴും രക്ഷയിലേക്കുള്ള ആഹ്വാനമാണ്. അനുസരിക്കുന്നവൻ ഐശ്വര്യം ആസ്വദിക്കും. അനുസരിക്കാതെ തിന്മയിൽ ഉറച്ചുനിൽക്കുന്നവൻ സ്വയം നിത്യനാശത്തിലേക്ക് വഴുതിവീഴുകയാണ് ചെയ്യുക (ഏശ. 1:20). നമ്മെ സംബന്ധിച്ചിടത്തോളം ദൈവത്തിന് ഒരേയൊരു പദ്ധതിയേയുള്ളൂ: "കർത്താവ് അരുൾചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി" (ജറെ. 29:11). സ്നേഹംതന്നെയായ ദൈവത്തിന്റെ രക്ഷാകരമായ ഈ സന്ദേശം എപ്പോഴും എവിടെയും പ്രഖ്യാപിക്കുവാൻ പ്രേഷിതനാകുന്നവനാണ്, അയയ്ക്കപ്പെടുന്നവനാണ്, ശിഷ്യൻ. അതുകൊണ്ടാണ് സുവിശേഷം പ്രഘോഷിക്കുന്ന ശിഷ്യന്മാരെയെല്ലാം പ്രേഷിതപ്രവർത്തകരെന്ന് വിളിക്കുന്നത്. ശിഷ്യൻതന്നെയും രക്ഷപ്പെടുന്നത് തനിക്ക് ലഭിച്ചുവെന്നു കരുതുന്ന രക്ഷാകരാനുഭവം തന്നിൽത്തന്നെ ഒതുക്കി നിറുത്തുമ്പോഴല്ല, മറ്റുള്ളവരുമായി സാധ്യമായ രീതിയിലെല്ലാം ഈ അനുഭവം പങ്കുവയ്ക്കുമ്പോഴാണ്. പ്രേഷിതനാവാതെ, അതായത് മറ്റുള്ളവരിലേക്ക് കടന്നുചെല്ലാതെ ഈ ശിഷ്യത്വം പൂർണ്ണമാകുന്നില്ല.

ശിഷ്യത്വത്തിലൂടെ പ്രേഷിതദൗത്യമാണ് ദൈവം എല്ലാവരെയും ഭരമേല്പിക്കുന്നതെങ്കിലും ഇതു നിർവ്വഹിക്കുവാൻ ദൈവം ആരെയും നിർബന്ധിക്കാറില്ല. സ്വമനസ്സാ സന്തോഷത്തോടെ നിർവ്വഹിക്കേണ്ട ഒരു ദൗത്യമാണിത്. അതുകൊണ്ടാണ് പ്രേഷിതനായി അയയ്ക്കുന്നതിനുമുമ്പ് ദൈവം ഏശയ്യാ പ്രവാചകന്റെ സമ്മതം ആരായുന്നത്: "ഞാൻ ആരെയാണ് അയയ്ക്കുക! ആരാണ് നമുക്കുവേണ്ടി പോവുക?"(ഏശ. 6:8). സമ്മതം കൊടുക്കുന്നതിനുമുമ്പ് ഏശയ്യാ ഒരുനിമിഷം ഭയവിഹ്വലനാകുന്നു. ദൈവത്തിന്റെ പരിശുദ്ധിയുടെയും താൻ നേരിടുവാൻ പോകുന്ന കലങ്ങിമറിഞ്ഞ സമൂഹത്തിന്റെയും മുമ്പിൽ സ്വന്തം ബലഹീനതകളോർത്ത് അറച്ചുനിൽക്കുന്നു. ഒരു മാലാഖ സ്വർഗ്ഗത്തിലെ ബലിപീഠത്തിൽനിന്നും ഒരു തീക്കട്ടകൊണ്ടുവന്ന് ഏശയ്യായുടെ അധരങ്ങളിൽ സ്പർശിച്ചതോടെ രക്ഷയുടെ സന്ദേശം ജനതകളെ അറിയിക്കുവാൻവേണ്ട ശക്തിയും വെളിച്ചവും ഏശയ്യാ സംഭരിക്കുന്നു. അപ്പോൾ ധൈര്യപൂർവ്വം "ഇതാ ഞാൻ! എന്നെ അയച്ചാലും!" എന്ന് ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കാനും പ്രേഷിതപ്രവർത്തനത്തിനായി സ്വയം സമർപ്പിക്കാനും ഏശയ്യാ പ്രവാചകനു സാധിക്കുന്നു.

കൊറോണാ വൈറസിന്റെ ആഘാതം കാരണം ഇന്നത്തെ പ്രക്ഷുബ്ദമായ സാഹചര്യങ്ങളിൽ പ്രേഷിത പ്രവർത്തകർക്കുണ്ടായിരിക്കേണ്ട സവിശേഷതകൾ എടുത്തുകാണിക്കുവാനായി തന്റെ സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്ന മറ്റൊരു ചിത്രം സുവിശേഷത്തിലെ വഞ്ചിതുഴയുന്ന ശിഷ്യരുടെതാണ്. ആഞ്ഞടിക്കുന്ന കൊടുങ്കാറ്റിൽനിന്നും ഇളകിമറിയുന്ന തിരമാലകളിൽനിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവരാണ് ശിഷ്യന്മാർ. മറ്റുള്ളവരെ അവഗണിച്ച് ഒറ്റയ്ക്ക് രക്ഷപ്പെടാനാവില്ലെന്ന് അവർക്കറിയാം. സർവ്വശക്തിയുമുപയോഗിച്ച് അവർ ഒത്തൊരുമിച്ച് തുഴയുന്നു. രക്ഷ തങ്ങളുടെ കഴിവിനുമതീതമാണെന്ന് മനസ്സിലായപ്പോൾ ആദ്യം ആകപ്പാടെ തളർന്നുപോയെങ്കിലും പിന്നെ അവർ വഞ്ചിയിൽത്തന്നെ വിശ്രമിക്കുകയായിരുന്ന യേശുവിനെ വിളിച്ചപേക്ഷിക്കുന്നു. ഉണർന്നെണീറ്റ യേശു ഒറ്റവാക്കുകൊണ്ട് അത്ഭുതകരമായ വിധത്തിൽ കടലിനെ ശാന്തമാക്കിയതിനുശേഷം അവരെ ഓർമ്മിപ്പിച്ചതിതാണ്: "ഞാൻ കൂടെയുള്ളപ്പോൾ നിങ്ങൾ എന്തിന് ഭയപ്പെട്ടു" (മാർക്ക്. 4:39). സാഹചര്യങ്ങൾ എത്രയേറെ ഭയാനകമായിക്കൊള്ളട്ടെ പ്രേഷിത പ്രവർത്തകർക്ക് ദൈവം ഭരമേല്പിക്കുന്ന ദൗത്യം നിർവ്വഹിക്കുവാൻ ഒന്നിനേയും ഭയപ്പെടേണ്ട ആവശ്യമില്ല. ഇന്നത്തേതുപോലെ തിക്താനുഭവങ്ങളിലൂടെ നമുക്ക് കടന്നു പോകേണ്ടിവരുമായിരിക്കും. എന്നാൽ പ്രേഷിത പ്രവർത്തകരെ സംബന്ധിച്ചിടത്തോളം അത് സഹനത്തിലൂടെ മഹത്വത്തിലേക്കുള്ള കടന്നുപോകലാണ് (ലൂക്കാ. 24:26). ഇവിടെ പരാജയഭീതിക്ക് സ്ഥാനമില്ല. കാരണം പ്രേഷിത

പ്രവർത്തനങ്ങളെല്ലാം തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും യേശു കൈവരിച്ചവിജയത്തിലേക്കുള്ള പ്രയാണവും പങ്കുചേരലുമാണ്.

കൊറോണാ വൈറസിന്റെ ഇന്നത്തെ കലങ്ങിമറിഞ്ഞ ഭയാനകമായ രംഗങ്ങളിലും "ഞാൻ ആരെ അയയ്ക്കും! ആരാണ് നമുക്കുവേണ്ടി പോവുക?'' എന്ന ദൈവത്തിന്റെ സ്വരം മുഴങ്ങിക്കേൾക്കുന്നുണ്ട്. ഏശയ്യാ പ്രവാചകനെപ്പോലെയും അപ്പോസ്തലന്മാരെപ്പോലെയും നമ്മുടെ ബലഹീനതകൾ ഏറ്റുപറയുകയും ദൈവത്തിൽ ആശ്രയിക്കുകയും ചെയ്തുകൊണ്ട്, "ഇതാ ഞാൻ, എന്നെ അയച്ചാലും!'' എന്ന പ്രത്യുത്തരത്തോടുകൂടി സന്തോഷപൂർവ്വം സന്മനസ്സോടെ പ്രേഷിതപ്രവർത്തനങ്ങൾക്കായി നമ്മെത്തന്നെ സമർപ്പിക്കാൻ നമുക്കാവണം.

II. പ്രേഷിതപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനമായും മൂന്ന് കാര്യങ്ങളാണ് തിരുസഭ സഭാംഗങ്ങളിൽ നിന്നും ആവശ്യപ്പെടുന്നത്: പ്രാർത്ഥിക്കുക, സമർപ്പിക്കുക, സഹായിക്കുക. ഇന്നത്തെ സാഹചര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വേണം നാം ഈ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാൻ.

പ്രഥമവും പ്രധാനവുമായി നമ്മുടെയും മറ്റുള്ളവരുടെയും സുരക്ഷ ഉറപ്പാക്കുവാനായി ഉത്തരവാദിത്വപ്പെട്ടവർ നല്കുന്ന മാർഗ്ഗക്ഷനിർദ്ദേശങ്ങളൊന്നും നിസ്സാരമായി കരുതി അവഗണിക്കാതെ ത്യാഗംസഹിച്ചുതന്നെ അവയെല്ലാം പൂർണ്ണമായും പാലിക്കുവാൻ നാം നിശ്ചയിച്ചുറയ്ക്കണം. പടിപടിയായ് ഇളവുകളിലൂടെ മനുഷ്യജീവിതത്തെ സാധാരണ ഗതിയിലാക്കിക്കൊണ്ട് രോഗനിയന്ത്രണം സാധ്യമാക്കുക എന്ന സർക്കാരിന്റെ നയവുമായി നമുക്ക് ആത്മാർത്ഥമായി സഹകരിക്കാം.

കോവിഡുകാലത്ത് നമ്മുടെ ദേവാലയങ്ങൾ അടഞ്ഞു കിടന്നപ്പോൾ ഓൺലൈനിലൂടെ ദിവ്യബലിയിലും മറ്റ് തിരുക്കർമ്മങ്ങളിലും പങ്കെടുത്തുകൊണ്ട് നമ്മുടെ ഭവനങ്ങളെ ആരാധനാലയ ങ്ങളാക്കിത്തീർക്കാൻ സാധിച്ചത് വലിയൊരു അനുഗ്രഹമായിരുന്നു. അതേസമയംതന്നെ ദേവാലയങ്ങളിൽ ചെന്ന് സഭാംഗങ്ങളോടൊപ്പം ദിവ്യബലിയിലും മറ്റ് തിരുക്കർമ്മങ്ങളിലും നേരിട്ടു പങ്കെടുക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ ദിവ്യബലിയർപ്പണം പൂർണ്ണമാവുകയുള്ളൂ എന്ന വസ്തുത ആരും മറക്കരുത്. സിവിൽ അധികാരികൾ നല്കുന്ന ഇളവുകൾ ക്കനുസരിച്ച് ആദ്യം ആഴ്ചയിലൊരിക്കലെങ്കിലും പിന്നീട് ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും എല്ലാവരും ദിവ്യബലിയിൽ പങ്കെടുക്കുന്ന പതിവ് നാം വീണ്ടെടുക്കണം. കുമ്പസാരത്തിന്റെ ആവശ്യകതയും ഒട്ടും കുറച്ചുകാണരുത്. സാദ്ധ്യമായ ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുവാൻ ഉതത്തര വാദിത്വപ്പെട്ടവർ ശ്രദ്ധിക്കണം.

- ഭവനങ്ങളിൽ മാതാപിതാക്കന്മാരും മുതിർന്നവരും ശ്രദ്ധിക്കേണ്ട മറ്റൊരു സുപ്രധാന പ്രേഷിതപ്രവർത്തനം കുട്ടികളുടെ മതബോധനത്തിലും ആദ്ധ്യാത്മിക മേഖലയിലെന്നതു പോലെതന്നെ അവരുടെ ബൗദ്ധികവും മാനസികവും ശാരീരികവുമായ സമഗ്രവളർച്ചയിൽ ശ്രദ്ധിക്കുക എന്നുള്ളതാണ്. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും വളർന്നുവരുന്ന'' (ലൂക്കാ. 2:52) ഒരു തലമുറയെ വാർത്തെടുക്കേണ്ടത് മുതിർന്നവരുടെ ചുമതലയാണല്ലോ.

- കോവിഡ് വ്യാപനം തടയുന്നതിനും അനുയോജ്യമായ ഔഷധങ്ങൾ കണ്ടെത്തുന്നതിനും ഒത്തൊരുമിച്ച് ഈ പ്രതിസന്ധിയെ നേരിടുന്നതിനും രാഷ്ട്രത്തലവന്മാരെയും ശാസ്ത്രജ്ഞന്മാരെയും പൊതുജനത്തെയും ദൈവസന്നിധിയിൽ സമർപ്പിച്ചു കൊണ്ട് അവർക്കെല്ലാവർക്കുംവേണ്ടി നാം തീക്ഷ്ണമായി പ്രാർത്ഥിക്കുകയും പരിഹാര പ്രവൃത്തികൾ അനുഷ്ഠിക്കുകയും ചെയ്യണം.

- ധൂർത്തും ആഢംബരവും വെടിഞ്ഞ് എത്ര ആഘോഷരഹിതമായിട്ടാണ് നാം വിവാഹം, മൃതസംസ്ക്കാരം തുടങ്ങിയ ചടങ്ങുകൾ നടത്തിയത്! ഇതിനെ ഒരു അനുഗ്രഹമായി നാം കാണണം. ലളിത ജീവിതവും ചെലവു ചുരുക്കലും നമ്മുടെ ജീവിത ശൈലിയുടെ ഭാഗമാകണം. ഭവനങ്ങൾ

നിർമ്മിക്കുമ്പോഴും ദേവാലയങ്ങളും സ്ഥാപനങ്ങളും പണിതുയർത്തുമ്പോഴും ഈ ലാളിത്യം പ്രകടമാകണം. നിർബന്ധിത പിരിവുകൾക്ക് തുനിയരുത്. സഭാശുശ്രൂഷകളുടെയും തിരനാൾ ആഘോഷങ്ങളുടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റിദ്ധാരണ തിരുത്തിക്കുറിക്കണം. ഒരുവിധ സമ്മർദ്ദവും കൂടാതെ, സഭാംഗങ്ങൾ സ്വമേധയാ തരുന്ന നേർച്ചകളും സംഭാവനകളുംകൊണ്ട് സഭയുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റാൻ നാം ശ്രമിക്കണം.

- സഭാംഗങ്ങളാകട്ടെ, സംവിധാനങ്ങളാകട്ടെ ആവശ്യത്തിൽക്കവിഞ്ഞ സമ്പത്ത് കരുതിവയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം. സഭയുടെ വരുമാനം അനുദിന ആവശ്യങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ളതാണ്. ദാരിദ്ര്യത്തിന്റെ മുഖമുള്ള ഒരു സഭയോടും സമൂഹത്തോടും മാത്രമേ ഫലപ്രദമായ രീതിയിൽ സുവിശേഷം പ്രഘോഷിക്കുവാൻ സാധിക്കുകയുള്ളൂ. പ്രശംസയ്ക്കും പ്രശസ്തിക്കുംവേണ്ടിയല്ല, ക്രൈസ്തവരുടെ സാക്ഷ്യത്തിനും പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനുമായി വിദ്യാഭ്യാസം ആതുരശുശ്രൂഷ സാമൂഹ്യക്ഷേമം തുടങ്ങിയ തലങ്ങളിൽ സഭ ചെയ്തുകൊണ്ടിരിക്കുന്ന നിസ്വാർത്ഥമായ സേവനങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ നമുക്കു സാധിക്കണം. ധൂർത്തിന്റെയും ആഢംബരത്തിന്റെയും അതിരുകവിഞ്ഞ ആഘോഷങ്ങളുടെയും നേരെ മുഖം തിരിക്കുകയും ജീവകാരുണ്യപ്രവർത്തനങ്ങളെ കൈയഴിഞ്ഞു സഹായിക്കുകയും ചെയ്യുന്ന ഒരു സമൂഹമാണ് നമുക്കുള്ളത് എന്നതിലാണ് നാം അഭിമാനിക്കേണ്ടത്.

-പ്രേഷിത സാക്ഷ്യത്തിനു നിരക്കാത്ത എല്ലാ പ്രവർത്തനങ്ങളെയും അകറ്റി നിറുത്തുവാൻ നാം അങ്ങേയറ്റം ശ്രമിക്കണം. മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം, സാമൂഹ്യ മാധ്യമങ്ങളുടെ ദുരുപയോഗം, മറ്റുള്ളവർക്ക് അപകീർത്തിവരുത്തുന്ന പ്രചരണങ്ങൾ, ലൈംഗികതയോട് വർദ്ധിച്ചുവരുന്ന ആസക്തി, ഇവയെല്ലാം പ്രേഷിത സാക്ഷ്യതത്തെ പ്രതികൂലമായി ബാധിക്കുന്ന വയാണ്.

- ദാരിദ്ര്യവും രോഗവും വിവിധ തരത്തിലുള്ള അവശതകളും അനുഭവിക്കുന്ന ധാരാളം വ്യക്തികൾ നമുക്കു ചുറ്റുമുണ്ട്. ഇവരും ഇവരുടെ കുടുംബങ്ങളും അർഹിക്കുന്ന സഹാനുഭൂതി ഇവരോട് നാം പ്രദർശിപ്പിക്കണം, പ്രത്യേകിച്ച്, നാട്ടിൽ തിരികെ എത്തിയ പ്രവാസികളോടും തൊഴിൽരഹിതരോടും ഒപ്പംനിന്ന് ഈ പ്രതിസന്ധിയെ തരണംചെയ്യുവാൻവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സഹകരണങ്ങളും നല്കുവാൻ നമുക്കു കഴിയണം.

- വരാൻപോകുന്ന ഭക്ഷ്യക്ഷാമം മുന്നിൽകണ്ടുകൊണ്ട് ധാരാളംപേർ തരിശുഭൂമി ഫലഭൂയിഷ്ടമാക്കാനും ഫ്ളാറ്റുകളിൽ താമസിക്കുന്നവർപോലും ഗ്രോബാഗുകളിലും ടെറസ്സുകളിലും കൃഷിചെയ്യാനും സമയം പാഴാക്കാതെ സാദ്ധ്യമായ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താനും തുടങ്ങിയിട്ടുണ്ട്. ഭാവിയെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രതീക്ഷയ്ക്കു വകനല്കുന്ന സംരംഭങ്ങളാണിവ.

- മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പും വികസനവും ഒരു നല്ലപരിധിവരെ കടൽക്ഷോഭത്തെയും കടലേറ്റത്തെയും നിക്ഷിപ്ത താല്പര്യക്കാരുടെ കടന്നുകയറ്റത്തെയും നിയന്ത്രിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. വികസനത്തിന്റെ പേരിൽ ചിതറിക്കപ്പെടുന്ന ഒരു സൂഹമായി മത്സ്യത്തൊഴിലാളികൾ മാറിക്കൊണ്ടിരിക്കുന്നു. ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ച വാഗ്ദാനങ്ങളൊക്കെയും ജലരേഖകളായി അവശേഷിക്കുന്നു. ഭിന്നിച്ചുനിന്നുകൊണ്ട് ഓരോരുത്തരും സ്വാർത്ഥ താല്പര്യങ്ങളോടെ തങ്ങളുടെ മാത്രം രക്ഷയ്ക്കു ശ്രമിച്ചാൽ ആരും രക്ഷപ്പെടാൻ പോകുന്നില്ല. അപ്പോസ്തലന്മാരെപ്പോലെ കൊടുങ്കാറ്റിന്റെയും കോളിളക്കത്തിന്റെയും മദ്ധ്യത്തിലും ദൈവത്തിലാശ്രയിച്ചുകൊണ്ട് നമുക്ക് ഒരുമിച്ച് ലക്ഷ്യത്തിലേക്ക് തുഴയാം. രക്ഷയുടെ സന്ദേശമറിയിക്കുവാൻ പ്രത്യാശയോടെ തങ്ങളെത്തന്നെ സമർപ്പിക്കുന്ന സന്നദ്ധസേവകരെയാണ് ഇന്ന് ആവശ്യമായിരിക്കുന്നത്. ഏശയ്യാ പ്രവാചകനെപ്പോലെ “ഇതാ ഞാൻ, എന്നെ അയച്ചാലും!” എന്ന് സന്തോഷത്തോടെ പറഞ്ഞുകൊണ്ട് സമൂഹത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ നാം

മുന്നോട്ടുവരികയാണെങ്കിൽ വിജയം സുനിശ്ചിതം. കാരണം "ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല" (ലൂക്കാ. 1:37).

III. പതിവുപോലെ കഴിഞ്ഞകൊല്ലം (2019) വിവിധ ആവശ്യങ്ങൾക്കായി നിങ്ങളിൽനിന്നും പിരിഞ്ഞുകിട്ടിയ മൊത്തം തുകയും വരവു ചെലവു കണക്കുകളുടെ സംക്ഷിപ്ത രൂപവും നിങ്ങളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം ചേർക്കുന്നു.

കഴിഞ്ഞകൊല്ലം മൊത്തത്തിൽ നമ്മുടെ അതിരൂപതയിൽ നിന്നും സമാഹരിക്കാൻ സാധിച്ചത് 1,49,63,951 / (ഒരു കോടി നാല്പ്പത്തിയൊൻപതുലക്ഷത്തി അറുപത്തിമൂവായിരത്തി തൊള്ളായിരത്തി അൻപത്തിയൊന്ന്) രൂപയാണ്.

***മൊത്തത്തിൽ കൂടുതൽ സംഭാവന നല്കിയ ഇടവകകൾ***

| | | |
|---|---|---|
| 1. | പാളയം | - 11,00,000.00/- |
| 2. | പുത്തൻത്തോപ്പ് | - 6,50,720.00/- |
| 3. | വെട്ടുകാട് | - 5,14,050.00/- |
| 4. | വിഴിഞ്ഞം | - 4,36,150.00/- |
| 5. | പുതിയതുറ | - 4,12,958.00/- |
| 6. | പുല്ലുവിള | - 3,83,493.00/- |
| 7. | വലിയതുറ, St. Antony's | - 3,73,730.00/- |
| 8. | ചിന്നത്തുറ | - 3,61,975.00/- |
| 9. | മരിയനാട് | - 3,55,000.00/- |
| 10. | പൂന്തുറ | - 3,20,000.00/- |

***ആളോഹരി ക്രമത്തിൽ കൂടുതൽ സംഭാവന നല്കിയ ഇടവകകൾ***

| | | |
|---|---|---|
| 1. | മംഗലപുരം | - 540.00/- |
| 2. | CRP Camp, Pallippuram | - 540.00/- |
| 3. | മണക്കാട് | - 418.20/- |
| 4. | ശ്രീകാര്യം | - 358.60/- |
| 5. | ആവുക്കുളം | - 301.20/- |
| 6. | ഞാണ്ടൂർക്കോണം | - 277.78/- |
| 7. | പോത്തൻകോട് | - 218.18/- |
| 8. | കഴക്കൂട്ടം, സെന്റ് ജോസഫ് | - 202.43/- |
| 9. | പുത്തൻത്തോപ്പ് | - 193.03/- |
| 10. | പാളയം | - 189.00/- |

18 സ്ഥാപനങ്ങളും 38 സന്യാസ ഭവനങ്ങളും അവരവരുടേതായ സംഭാവനകൾ നല്കിയിട്ടുണ്ട്. 1,55,000/- (ഒരു ലക്ഷത്തി അൻപത്തയ്യായിരം രൂപ) നല്കിയ ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലും 1,25,000/ (ഒരുലക്ഷത്തി ഇരുപത്തയ്യായിരം രൂപ) നല്കിയ ലൂർദ്ദുപുരം സെന്റ് ഹെലൻസ് സ്കൂളും 1,10,000/ (ഒരു ലക്ഷത്തി പതിനായിരം രൂപ) നല്കിയ സി.സി.ആർ. ജനറലേറ്റുമാണ് മുൻനിരയിൽ നില്ക്കുന്നത്.

ഇപ്രകാരം കഴിഞ്ഞകൊല്ലം ശേഖരിച്ച തുകയിൽ 60,50,000/(അറുപത് ലക്ഷത്തി അൻപതിനായിരം രൂപ) റോമിലെ വിവിധ തിരുസംഘങ്ങൾക്ക് അയച്ചുകൊടുത്തു. 4,94,930/രൂപ (നാലു ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി തൊള്ളായിരത്തി മുപ്പതുരൂപ) ഭാരതത്തിലെയും കേരളത്തിലെയും വിവിധ മെത്രാൻ സമിതികളുടെ ശുശ്രൂഷയ്ക്കായി നല്കി. ബാക്കിയുള്ള 84,19,021/ (എൺപ്പത്തിനാലുലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുപത്തി യൊന്ന്) രൂപയിൽ 40,50,000/രൂപ (നാൽപ്പതുലക്ഷത്തി അൻപതിനായിരം) ഇതിനകംതന്നെ വിവിധ മിഷൻ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതുതായി പണിത ദൈവാലയങ്ങളുടെ പൂർത്തീകരണത്തിനുമായി നൽകുകയും, 43,69,021/ (നാൽപ്പത്തിമൂന്നുലക്ഷത്തി അറുപത്തിയൊൻപതിനാ

യിരത്തിഇരുപത്തിയൊന്ന് രൂപ) കൊറോണ ദുരിതാശ്വാസത്തിനായി വിതരണം ചെയ്ത തുകയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

കുറെയേറെ ഉത്ഘണ്ഠയോടുകൂടിയാണ് വരുന്ന വർഷത്തെക്കുറിച്ച് ഞാൻ ചിന്തിക്കുന്നത്. വരുമാനം ഏതാണ്ട് സ്തംഭിച്ച അവസ്ഥയിലാണ്. ചെലവു ചുരുക്കുന്നതിന് ഒരു പരിധിയുണ്ടല്ലോ. ദുഃഖവെള്ളിയാഴ്ച ഒന്നും സമാഹരിക്കാൻ സാധിച്ചില്ല. അവശേഷിക്കുന്നത് ഇനിയുള്ള വാർഷികപ്പിരിവു മാത്രം. തുടർന്നും ബന്ധപ്പെട്ടവരെയെല്ലാം സഹായിക്കേണ്ട ചുമതല നമുക്കുണ്ട്. ഇന്നത്തെ സ്ഥിതിഗതികൾ നന്നായിട്ടറിയാം. എങ്കിലും മുൻവർഷങ്ങളിലെന്നപ്പോലെ സാദ്ധ്യമായ രീതിയിലെല്ലാം ഉദാരമായി സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

---

***NB:*** ഈ ഇടയലേഖനം ഈ മാസം 18-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിച്ചുവിശദീകരിക്കേണ്ടതാണ്.